# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 727 — 28.02.2017- ൽ മറുപടിയ്ക്ക്

## 'നവകേരളീയം കുടിശ്ശിക നിവാരണം 2017'

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. അൻവർ സാദത്ത്**<br>**" തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**" സണ്ണി ജോസഫ്**<br>**" എ.പി. അനിൽ കുമാർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സഹകരണമേഖലയിലെ സ്ഥാപനങ്ങളിലെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിന് 'നവകേരളീയം കുടിശ്ശിക നിവാരണം 2017' എന്ന പേരിൽ ആരംഭിച്ച പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഈ പദ്ധതി പ്രകാരം 2017 ജനുവരി 31 വരെ എത്ര കോടി രൂപയുടെ കുടിശ്ശിക തിരിച്ചടക്കപ്പെട്ടുവെന്ന് വിശദമാക്കാമോ; | (എ) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ 'നവകേരളീയം കുടിശ്ശിക നിവാരണം 2017' നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെയാണ് നടപ്പിലാക്കുന്നത്. |
| ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കുന്നവർക്ക് പലിശ ഇൻസെന്റീവ് ലഭ്യമാക്കിയിട്ടുണ്ടോ; ഈ പദ്ധതിയുടെ ആനുകൂല്യം എന്നുവരെയാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) വായ്പാ തുക ഈ പദ്ധതി കാലാവധിയ്ക്കുള്ളിൽ ക്രമമായി അടച്ച് തീർക്കുന്നവർക്ക് ആകെ ടി വായ്പയിലേക്ക് 2016-17 സാമ്പത്തിക വർഷം അടച്ച പലിശ തുകയുടെ 10% തുക വരെ അവസാനത്തെ തവണ അടയ്ക്കുമ്പോൾ ഇളവ് നൽകുന്നതാണ്. ഈ പദ്ധതിയുടെ ആനുകൂല്യം 2017 മാർച്ച് 31 വരെ ആയിരിക്കും. |

**സെക്ഷൻ ഓഫീസർ**